സഹകരണവകുപ്പ് മന്ത്രി (ശ്രീമതി. എം. കമലം):

(എ) സാമൂഹ്യ വികസന വകുപ്പിന്റെ കീഴിലുണ്ടായിരുന്ന 836 ബാലവാടികൾ അംഗനവാടികളാക്കി മാറ്റിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 836 ബാലവാടി അദ്ധ്യാപികമാർക്ക് അംഗനവാടി വർക്കർ മാരായി നിയമനം നൽകിയിട്ടുണ്ട്.

ഗവൺമെൻറ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ഒഴിവുകൾ

* 32 [32] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, തോപ്പിൽ രവി:

,, രാഘവൻ പൊഴക്കടവിൽ:

,, കെ. രാഘവൻ മാസ്റ്റർ:

,, എ.സി. ജോസ്: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോടതികളിൽ ഗവൺമെൻറ് പബ്ലിക് പ്രോസി ക്യൂട്ടർമാരുടെ ഒഴിവുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ?

നിയമവും ജലസേചനവും വകുപ്പ് മന്ത്രി (ശ്രീ. കെ.എം. മാണി):

സംസ്ഥാനത്തെ കോടതികളിൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ഒഴിവുകൾ ഒന്നുമില്ല.

എം.എൽ.എ. റോഡുകൾ

* 33 [33] ശ്രീ. കെ. മുഹമ്മദാലി:

,, കെ.പി. രാമൻ:

ശ്രീമതി റേച്ചൽ സണ്ണി പനവേലി:

ശ്രീ. കെ.കെ. ശ്രീനിവാസൻ:

,, എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. റോഡുകളിൽ എത്ര റോഡുകളുടെ പണി ഇതുവരെയായി പൂർത്തിയായിട്ടുണ്ട്;

(ബി) അവ ഏതെല്ലാം; ഏതെല്ലാം ജില്ലയിൽ; ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ;

(സി) എം.എൽ.എ. റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ എത്ര റോഡുകൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ കൊടുത്തുകഴിഞ്ഞിട്ടുണ്ട്; ഈ റോഡുകൾക്ക് എല്ലാം കൂടി എത്ര രൂപയാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എം.എൽ.എ. റോഡുകൾക്ക് വേണ്ടി എത്ര സംഖ്യയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(എഫ്) എത്ര റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്;

(ജി) സംസ്ഥാനത്ത് പണി പൂർത്തിയാക്കാനുള്ള എം.എൽ.എ. റോഡുകളുടെ എണ്ണമെത്ര;

(എച്ച്) അതിന് വേണ്ട സംഖ്യ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ, ബി) ആറ് എം.എൽ.എ. റോഡുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

	പേര്	നിയോജകമണ്ഡലം	ജില്ല
1.	കൃഷ്ണൻ നായർ റോഡ്	കോഴിക്കോട്-I	കോഴിക്കോട്
2.	കൂട്ടോത്ത് അട്ടക്കുണ്ട് റോഡ്	മേപ്പയ്യൂർ	കോഴിക്കോട്
3.	ചീയംബം 56 കാപ്പ് സെറ്റ് റോഡ്	സുൽത്താൻബത്തേരി	വയനാട്
4.	തോട്ടശ്ശേരിയറ വലിയ പറമ്പ റോഡ്	തിരൂരങ്ങാടി	മലപ്പുറം
5.	കാഞ്ഞിരമുക്ക് ബീയ്യം റോഡ്	പൊന്നാനി	മലപ്പുറം
6.	മധുകോത്ത് കപ്പാട് റോഡ്	എടക്കാട്	കണ്ണൂർ

(സി) 212 എണ്ണം.

(ഡി) 153 റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ കൊടുത്തു. ഈ റോഡുകൾക്കെല്ലാം കൂടി 31.76 കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കിയിട്ടുണ്ട്.

(ഇ) എം.എൽ.എ. റോഡുകൾക്ക് മാത്രമായി പ്രത്യേകം ഹെഡ്ഡിൽ തുക ഉൾക്കൊള്ളിക്കുന്ന പതിവില്ല. എം.എൽ.എ. റോഡുകൾക്ക് വേണ്ടിവരുന്ന ചെലവ് ''537 റോഡുകളും പാലങ്ങളും'' എന്ന ഹെഡ്ഡിൽ നിന്നാണ് കണ്ടെത്തുന്നത്. ഈ ഹെഡ്ഡിൽ 16.26 കോടി രൂപ ലഭ്യമാണ്.

(എഫ്) 153 റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്.

(ജി) 275 എണ്ണം.

(എച്ച്) വേണ്ടത്ര തുക ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly